പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2497 | 18-07-2011 ൽ മറുപടിക്ക് |
| --- | --- |

## വിമാന യാത്രാ നിരക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ സി. ദിവാകരൻ<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. കെ. രാജു. | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) ഗൾഫിൽ നിന്നും കേരളത്തിലേക്കുള്ള വിമാന യാത്ര നിരക്ക് വർദ്ധിപ്പിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഗൾഫ് നാടുകളിലേക്ക് നിലവിലുണ്ടായിരുന്ന നിരക്കും വർദ്ധിപ്പിച്ച ടിക്കറ്റ് നിരക്കും എത്രയാണെന്ന് വെളിപ്പെടുത്തുമോ;? | എ) യും ബി) യും.<br><br>കേരളത്തിൽ നിന്നും ഗൾഫിലേക്കും തിരിച്ചുമുള്ള യാത്രയ്ക്ക് വിമാനക്കമ്പനികൾ വർഷം മുഴുവനും വ്യത്യസ്ത നിരക്കുകളാണ് വിമാനയാത്രക്കാരിൽ നിന്നും ഈടാക്കിവരുന്നത്. എന്നാൽ തിരക്ക് കുറവുള്ള സീസണിൽ യാത്രക്കാരുടെ കുറവു കാരണം എല്ലാ യാത്രക്കാർക്കും കുറഞ്ഞ നിരക്കിലുള്ള യാത്രാ സൗകര്യവും തിരക്കു കൂടിയ പീക്ക് സീസണിൽ മുൻകൂട്ടി ബുക്ക് ചെയ്യുന്നവർക്ക് കുറഞ്ഞ നിരക്കും അവസാന നിമിഷം ടിക്കറ്റ് വാങ്ങുന്നവരിൽ നിന്നും കൂടിയ നിരക്കുമാണ് ഈടാക്കിവരുന്നത്. ഇത് ലോകത്തിലെ എല്ലാ വിമാന കമ്പനികളും പിൻതുടരുന്ന ഒരു പൊതു സമീപനമാണ്. എന്നാൽ മറ്റ് വിമാന കമ്പനികളെ അപേക്ഷിച്ച് എയർ ഇൻഡ്യയും. എയർ ഇൻഡ്യ എക്സ്പ്രസും താരതമ്യേന കുറഞ്ഞ നിരക്കാണ് ഈടാക്കുന്നത് എന്നാണ് എയർ ഇൻഡ്യയിൽ നിന്നും അറിയിച്ചിരിക്കുന്നത്. |
| സി) ഗൾഫ് നാടുകളിൽ പണിയെടുക്കുന്ന മലയാളികൾക്ക് പ്രസ്തുത നിരക്ക് വർദ്ധന ഉണ്ടാക്കിയിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | സി) തിരക്കു കൂടുമ്പോൾ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിനു പകരം പ്രവാസി മലയാളിയെ ചൂഷണം ചെയ്യുന്നതിനായി നിരക്കുകൾ കുത്തനെ ഉയർത്തുന്ന വിമാനക്കമ്പനികളുടെ നടപടി അവസാനിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്ന എസ്റ്റിമേറ്റ് കമ്മിറ്റിയുടെ 20-ാമത് റിപ്പോർട്ടിലെ (2008-11) |

| | |
|---|---|
| | 29-ാമത് ശുപാർശയിൻമേൽ നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് അംഗീകൃത എയർ ട്രാഫിക്/പാസ്സഞ്ചർ അസോസിയേഷനുകൾ, ട്രാവൽ ആന്റ് ടൂർ ഓപ്പറേറ്റർമാർ എന്നിവരുമായി ചർച്ചനടത്തുവാൻ ഗതാഗത വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ